# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1715** **04.12.2018-ൽ മറുപടിയ്ക്ക്**

## അറവു മാലിന്യ സംസ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അറവുശാലകൾ ഉണ്ടെങ്കിലും അറവു മാലിന്യം സംസ്കരിക്കുന്നതിന് കുറ്റമറ്റ രീതിയിലുള്ള സംവിധാനങ്ങളില്ലാത്തത് മൂലമുള്ള മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | എ | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത അറവുശാലകൾ നിലവിലില്ല. കേരള മുനിസിപ്പൽ ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട്, ജല(മലിനീകരണ നിയന്ത്രണ നിവാരണ)നിയമം എന്നിവ പ്രകാരം നവീന അറവുശാലകൾ സ്ഥാപിക്കേണ്ടതും ശുചിത്വമുള്ള ഇറച്ചി വിൽപന ശാലകൾ ഏർപ്പെടുത്തേണ്ടതും, അറവുശാലയിലല്ലാതെ ഭക്ഷണാവശ്യത്തിന് കൊല്ലുന്നത് തടയേണ്ടതും, ഇപ്രകാരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലയാണ്. കൂടാതെ നിലവിലുള്ള അറവുശാലകളിൽ, അത്യാവശ്യം വേണ്ടുന്ന ഖര-ദ്രവ മാലിന്യസംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റും, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, അറവുശാലകളിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനും, ആന്റിമോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും, തദ്ദേശ സ്ഥാപനം സീൽ ചെയ്ത് നൽകുന്ന ഇറച്ചി മാത്രമേ വിൽപ്പനയ്ക്ക് അനുവദിക്കാവൂ എന്നും 21.04.2009 തീയതിയിലെ 4279/ഡിബി2/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാംസം വിൽക്കുന്ന എല്ലാ സ്ഥാപനങ്ങളിലും മാലിന്യം തരംതിരിച്ച് |

| | | | |
|---|---|---|---|
| | | | ജൈവമാലിന്യം ഉറവിടത്തിൽതന്നെ ശേഖരിച്ച് ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 22/07/2017-ലെ സ.ഉ (സാധാ) 2511/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും കർശന നിർദ്ദേശം ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളതാണ്. |
| ബി | എല്ലാ നഗരസഭകളിലും ആധുനിക സൗകര്യങ്ങളോടു കൂടിയ അറവുശാലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | ബി | സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം എന്ന തുടർപദ്ധതി ഉൾപ്പെടുത്തിയിരുന്നു. ടി പദ്ധതി പ്രകാരം വിവിധ നഗരസഭകൾക്ക് ആധുനിക അറവു ശാലകളുടെ നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുള്ളതാണ്. തുടർന്നും ഇത്തരം അറവുശാലകൾ നിർമ്മിക്കുന്നതിന് KIIFB മുഖാന്തിരം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ